**പതിനാലാം കേരള നിയമസഭ**
**19-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1643 10.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**തീരദേശ പരിപാലന നിയമപ്രകാരമുള്ള ദൂരപരിധി**

| ചോദ്യം<br>ശ്രീമതി.ഷാനിമോൾ ഉസ്മാൻ : | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) തീരദേശ പരിപാലന നിയമപ്രകാരം (എ) വീട്ടുകളും മറ്റും നിർമ്മിക്കുന്നതിനുള്ള ദൂരപരിധി എത്രയെന്ന് അറിയിക്കുമോ; | 2011 CRZ വിജ്ഞാപനവും ടി വിജ്ഞാപന പ്രകാരമുള്ള Coastal Zone Management Plan നമാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. നിലവിലുള്ള തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ കരഭാഗത്തേക്ക് തീരദേശ നിയന്ത്രണ നിയമം ബാധകമാണ്.<br>പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളെ CRZ III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വേലിയേറ്റ സ്വാധീനമുള്ള കായൽ, നദികൾ, തോടുകൾ എന്നിവയിൽ നിന്നും 100 മീറ്റർ അല്ലെങ്കിൽ അവയുടെ വീതി, ഏതാണോ കുറവ് അത്രയും ഭാഗം വികസന നിഷിദ്ധ മേഖല (NDZ) ആണ്. |

കായൽ /നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും NDZ -ൽ പെടുന്ന ദൂരപരിധിക്കുള്ളിൽ നിബന്ധനകൾക്ക് വിധേയമായി മത്സ്യബന്ധനത്തൊഴിലാളികൾക്കും,/ പരമ്പരാഗത തീരദേശ വാസികൾക്കും നിലവിലെ തറ വിസ്തീർണ്ണം പരിമിതപ്പെടുത്തിക്കൊണ്ട് ഭവനങ്ങളുടെ പുനർ നിർമ്മാണങ്ങളും, അറ്റകുറ്റ പണികളും അനുവദനീയമാണ്.

CRZ III- ൽ കടലിൽ നിന്നും 100-നും 200-നും ഇടയിൽ മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരദേശ വാസികൾക്കും $100m^2$ വരെ തറ വിസ്തീർണ്ണമുള്ള പുതിയ ഭവന നിർമ്മാണം അനുവദനീയമാണ്.

CRZ III- ൽ 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ അനുമതി നൽകാവുന്ന കെട്ടിടങ്ങളുടെ പരമാവധി ഉയരം 9 മീറ്റർ ആണ്. പ്ലിന്ത് ഏരിയയ്ക്ക് 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(ബി) നിലവിൽ ഈ പരിധിക്കുള്ളിൽ നിർമ്മിച്ച വീടുകൾക്ക് നമ്പർ നൽകിയിട്ടുണ്ടോ; എങ്കിൽ സ്ഥിര നമ്പറാണോ താൽക്കാലിക നമ്പർ

(ബി) ഉണ്ട്. സ്ഥിര നമ്പരുകളും താല്കാലിക നമ്പരുകളും നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| | ആണോ നൽകിയിട്ടുള്ളത് എന്നറിയിക്കാമോ; | |
| (സി) | അരൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഇത്തരത്തിൽ നമ്പർ നൽകിയിട്ടുള്ള വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ; വിശദാംശം നൽകുമോ? | (സി) അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

| ഗ്രാമ പഞ്ചായത്തിന്റെ പേര് | ഗ്രാമപഞ്ചായത്തിൽ തീരദേശപരിപാലനനിയമപ്രകാരം നിർമ്മാണം നിരോധിക്കപ്പെട്ടിട്ടുള്ള പരിധിയിൽ നിർമ്മിച്ചിട്ടുള്ള എത്ര വീടുകൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്? | ആയതിൽ അനധികൃത കെട്ടിട (എ.യു.) അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം | താല്ക്കാലിക കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം | ആയതിൽ സാധാരണ സ്ഥിര കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം | സാധാരണ സ്ഥിര കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ അനുവദിക്കുവാനുള്ള കാരണം |
|---|---|---|---|---|---|
| അരൂക്കുറ്റി | 16 | 16 | 0 | 0 | ബാധകമല്ല |
| അരൂർ | 65 | 65 | 0 | 0 | 0. |
| ചെന്നാംപള്ളിപ്പുറം | 0 | 15 | 0 | 0 | ബാധകമല്ല |
| എഴുപുന്ന | 33 | 33 | 0 | 0 | ബാധകമല്ല |
| കോടംതുരുത്ത് | 11 | 5 | 5 | 6 | തീരദേശ പരിപാലന ജില്ലാസമിതിയിൽ നിന്നും അനുമതി ലഭിച്ചതു കാരണം |
| കുത്തിയതോട് | 73 | 73 | 0 | 0 | അനുവദിച്ചിട്ടില്ല |
| പാണാവള്ളി | 62 | 62 | 0 | 0 | ബാധകമല്ല |
| പെരുമ്പളം | 12 | 12 | 0 | 0 | ബാധകമല്ല |
| തുറവൂർ | 174 | 144 | 0 | 30 | കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി നേടിയവർക്ക് അനുവദിച്ചു |
| തൈക്കാട്ടുശ്ശേരി | 0 | 7 | 0 |  | ബാധകമല്ല |
|  | 446 | 432 | 5 | 36 |  |

സെക്ഷൻ ഓഫീസർ